760951
MCC LIBRARY

| | | |
|---|---|---|
| QP Code: D142456 | Total Pages: 2 | Name: |
| | | Register No. |

SECOND SEMESTER (CUFYUGP) DEGREE EXAMINATION, APRIL 2026

MALAYALAM

**MAL2FA104(1) വിനിമയ മലയാളവും സർഗാത്മക രചനയും**

**2024 Admission onwards**

**Maximum Time :1.5 Hours** | **Maximum Marks :50**

**സെക്ഷൻ എ**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. ഓരോന്നിനും രണ്ടു മാർക്ക് വീതം. പരമാവധി മാർക്ക് 16**

| | |
|---|---|
| 1 | വി.ടി ഭട്ടതിരിപ്പാടിന്റെയും മറ്റും സാമൂഹിക പരിഷ്കരണ ശ്രമങ്ങൾ യഥാർത്ഥത്തിൽ അടുക്കളയെ സ്പർശിച്ചില്ല എന്നു പറയാൻ കാരണമെന്ത്? |
| 2 | ഭക്ഷണത്തിലെ നവീകരണത്തെക്കുറിച്ച് ചിന്തിക്കാൻ നാരായണ ഗുരുവിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയായിരുന്നു? |
| 3 | പൊയ്കയിൽ അപ്പച്ചന്റെ കൃതികളുടെ സാമൂഹിക പ്രസക്തി എന്തായിരുന്നു? |
| 4 | ഉപന്യാസ രചനയിൽ ആമുഖത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത്? |
| 5 | കേസരിയുടെ വിമർശനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്? |
| 6 | ഗൗരി എന്ന കഥയിൽ കാണുന്ന സ്നേഹത്തെ കെ.പി അപ്പൻ വിലയിരുത്തുന്നത് എങ്ങനെ? |
| 7 | ചിന്താവിഷ്ടയായ സീത കൈകാര്യം ചെയ്യുന്ന പ്രധാന പ്രമേയം എന്താണ്? |
| 8 | സയൻസിൽ ഉപയോഗിക്കുന്ന രണ്ട് സാങ്കേതിക പദങ്ങളും അവയുടെ തത്തുല്യമായ മലയാള പദങ്ങളും എഴുതുക |
| 9 | കഥ പറച്ചിലിൽ ഒരു നോവലിനെ അനുസ്മരിപ്പിക്കും വിധമാണ് ഫ്രീഡം അറ്റ് മിഡ്നൈറ്റിലെ ഭാഷ- വിലയിരുത്തുക |
| 10 | മൃഗങ്ങളെ കഥാപാത്രങ്ങളാക്കി രചിച്ച രണ്ട് മലയാള ചെറുകഥകളെ പരിചയപ്പെടുത്തുക |

760951
MCC LIBRARY



| | |
|---|---|
| **സെക്ഷൻ ബി** | |
| **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. ഓരോന്നിനും 6 മാർക്ക് വീതം. പരമാവധി മാർക്ക് 24** | |
| | |
| 11 | അമ്മയുടെ അടുക്കള എല്ലാ ആണിന്റെയും നൊസ്റ്റാൾജിയ ആണ്. ഈ അഭിപ്രായത്തിന് പിന്നിലെ യാഥാർത്ഥ്യത്തെ വിലയിരുത്തുക |
| 12 | ദലിതരുടെ ദുരിത ജീവിതത്തിന്റെ കൊയ്ത്തുപാടങ്ങളിൽ നിന്നാണ് ആധുനിക കേരളം സൃഷ്ടിക്കപ്പെട്ടത്. വിലയിരുത്തുക |
| 13 | ഉത്തരാധുനിക വിമർശനത്തിന്റെ പൊതുവായ സവിശേഷതകൾ എന്തൊക്കെയാണ്? |
| 14 | ജോൺ ഡ്രൈഡൻ വിവർത്തനത്തെ എത്രയായി തരംതിരിച്ചിരിക്കുന്നു? ഏതൊക്കെയാണെന്ന് വിശദീകരിക്കുക? |
| 15 | . ബ്ലോഗ് രചനയുടെ പ്രാധാന്യം എന്ത്? |
| **സെക്ഷൻ സി** | |
| **രണ്ടു പുറത്തിൽ കവിയാതെ ഒരു ചോദ്യത്തിന് ഉത്തരം എഴുതുക(1x10=10 Marks)** | |
| 16 | ദലിത് ജാതി വ്യവഹാരങ്ങളിൽ നിന്നാണ് കേരളീയ ആധുനികത നിർമ്മിച്ചെടുക്കപ്പെട്ടത് എന്ന് സമർത്ഥിക്കാൻ ലേഖകൻ ഉന്നയിക്കുന്ന വസ്തുതകൾ വിലയിരുത്തുക |
| 17 | തേൾക്കുടം എന്ന കവിത സ്ത്രീ ജീവിതവുമായി ബന്ധപ്പെട്ട എന്തെല്ലാം കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്? |

760951